നമ്പർ.ഇ.എക്സ് .സി.ജനറൽ -1/38000/2017/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാ ഭവൻ,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി: 30-05-2018

## സർക്കുലർ

വിഷയം:- പൊ.വി.എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2018- സർട്ടിഫിക്കറ്റ് വിതരണം -സംബന്ധിച്ച്

സൂചന:- 25.10.2017-ലെ ഇതേ നമ്പർ വിജ്ഞാപനം

-----

2018 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഗ്രേഡ് രേഖപ്പെടുത്തിയ എസ്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. സ്കൂൾ മേധാവികൾ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്. പരീക്ഷാസെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇക്കാര്യം പരീക്ഷാസെക്രട്ടറിയെ സ്കൂൾ അധികൃതർ രേഖാമൂലം അറിയിക്കേണ്ടതും ശരിയായ സർട്ടിഫിക്കറ്റ് വിദ്യർത്ഥികൾക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ഉചിത മാർഗ്ഗേന സ്വീകരിക്കേണ്ടതുമാണ്.

എസ്.എസ്.എൽ.സി കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിന് മുൻപ് പ്രഥമാദ്ധ്യാപകർ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ എസ്.എസ്.എൽ.സി കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. **സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് മുൻപായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ വിദ്യാർത്ഥിയുടെ കൈയ്യൊപ്പ് വാങ്ങേണ്ടതാണ്. കാർഡിലെ ബയോ ഡാറ്റയുടെ അടിയിലായി സ്കൂൾ മേധാവിയുടെ ഒപ്പ് "കറുത്ത മഷിയിൽ" പതിക്കേണ്ടതാണ്. പേരും ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്രകൂടി പതിച്ച് വേണം കാർഡുകൾ പരീക്ഷാർത്ഥികൾക്ക് നൽകേണ്ടത്.** വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളുടെ വിവരം **iExaMS – ൽ HM Login** ലെ **"Certificate Issue"** എന്ന ലിങ്കിലൂടെ രേഖപ്പെടുത്തേണ്ട താണ്.

ഏതെങ്കിലും തരത്തിലുള്ള അപാകതകളുള്ള സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കുകയും ഡി.ഇ.ഒ. മാരുടെ പ്രത്യേക ദൂതൻ വഴി സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിലെത്തിച്ച് പുതുക്കിയ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റേണ്ടതുമാണ്.

**എസ്.എസ്.എൽ.സി കാർഡുകൾ ലാമിനേറ്റ് ചെയ്യുവാനോ പ്ലാസ്റ്റിക് കവറിൽ സൂക്ഷിക്കാനോ പാടുള്ളതല്ല. ടി വിവരം എല്ലാ പ്രഥമാദ്ധ്യാപകരും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന സമയത്ത് തന്നെ വിദ്യാർത്ഥികളെ അറിയിക്കുവാൻ നോട്ടീസ് പതിക്കേണ്ടതുമാണ്.**

സെക്രട്ടറി

സ്വീകർത്താവ്

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം)

എം-30-5-2018